# പതിമൂന്നാം കേരള നിയമസഭ.
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T2245 — 18/06/2013 ൽ മറുപടിയ്ക്ക്

## പാറഖനനം നടത്തുന്നതിന് നിയമാനുസൃതമായി അനുമതി

**ചോദ്യം**

**ശ്രീ. ബാബു എം. പാലിശ്ശേരി**

(എ) കോട്ടയം ജില്ലയിലെ മൂന്നിലവ് പഞ്ചായത്തിൽ നെല്ലായിപ്പാറയിൽ പാറഖനനം നടത്തുന്നതിന് നിയമാനുസൃതമായി ആർക്കെങ്കിലും അനുമതി നൽകിയിട്ടുള്ളതായി അറിയാമോ; എങ്കിൽ ആർക്കെല്ലാം എന്തെല്ലാം വ്യവസ്ഥകൾക്കു വിധേയമായി എത്ര കാലത്തേയ്ക്ക് എന്ന് വിശദമാക്കാമോ;

**ഉത്തരം**

**ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) കോട്ടയം ജില്ലയിലെ മൂന്നിലവ് വില്ലേജിൽ നെല്ലാപ്പാറ എന്ന സ്ഥലത്ത് മെ.പി.വി.ഗ്രാനൈറ്റ് മൂന്നിലവ് എന്ന സ്ഥാപനത്തിന് ടി വില്ലേജിൽ 24/1, 2, 3, 24 എന്നീ സർവ്വെ നമ്പരുകളിൽ ഉൾപ്പെട്ട 14.20 ആർ സ്ഥലത്ത് 10.12.2013 വരെ കാലാവധിയിൽ കൺസോളിഡേറ്റഡ് റോയൽറ്റി പേയ്മെന്റ് സിസ്റ്റത്തിൽ ക്വാറീയിംഗ് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. മേൽ പെർമിറ്റ് ഉപയോഗിച്ച് ഡയറക്ടർ ജനറൽ ഓഫ് മൈൻ സേഫ്റ്റി നിർദ്ദേശിച്ചിട്ടുള്ള റെക്ടിഫിക്കേഷൻ വർക്കുകൾ മാത്രമേ നടത്താവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗവൺമെന്റ് രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ചാണ് പെർമിറ്റ് പുതുക്കി നൽകിയിരിക്കുന്നത്. റെക്ടിഫിക്കേഷൻ വർക്കിന് ശേഷം മൈൻ സേഫ്റ്റി ഡയറക്ടറുടെ ഉത്തരവനുസരിച്ച് മാത്രമേ വ്യാവസായികാടിസ്ഥാനത്തിൽ പാറ പൊട്ടിച്ച് പുറത്ത് വിൽക്കുന്നതിന് പി–ഫാറം കോട്ടയം ജില്ലാ ആഫീസിൽ നിന്നും അനുവദിക്കുകയുള്ളൂ. ഇതു കൂടാതെ ശ്രീ.ജോർജ്ജ് ജോസഫ്, തെങ്ങണാകുന്നേൽ വീട്, മൂന്നിലവ്.പി.ഒ, എന്നയാൾക്ക് മൂന്നിലവ് വില്ലേജിൽ 149/1, 149/2 സർവ്വെ നമ്പരുകളിൽ ഉൾപ്പെട്ട 9.64 ആർ സ്ഥലത്ത് 10.12.2013 വരെ കാലാവധിയിൽ ക്വാറീയിംഗ് പെർമിറ്റ് നൽകിയിട്ടുണ്ട്.

(ബി) നിയമവിധേയമായിട്ടല്ലാതെ ആ സ്ഥലത്ത് ആരെങ്കിലും പാറഖനനം ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇ ല്ല.

(സി) പാറഖനനം ത ട ഞ്ഞുകൊ ണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടു ണ്ടോ; എങ്കിൽ അതിനുശേഷവും ഖനനം നടക്കുന്നു ണ്ടോ; ഉത്തരവ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി എന്നറിയിക്കാമോ;

(സി) ടി സ്ഥലത്ത് പാറഖനനം തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ഡി) നിയമവിരുദ്ധമായി പാറഖനനം നടത്തിയ ആർക്കെല്ലാം എതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടു ണ്ട് എന്നും നിയമവിരുദ്ധ ഖനനം ആ സ്ഥലങ്ങളിൽ നടക്കുന്നില്ലെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

(ഡി) ടി സ്ഥലത്ത് നിയമവിരുദ്ധമായി പാറഖനനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിയമവിരുദ്ധ ഖനനം നടക്കുന്നില്ലെ ന്ന് ഉറപ്പാക്കാൻ തുടർച്ചയായ പരിശോധന കോട്ടയം ജില്ലാ ആഫീസിൽ നിന്നും നടത്തുന്നുണ്ട്. മൂന്നിലവ് ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയിൽപ്പെട്ട പോലീസ് സ്റ്റേഷനിലും റവന്യൂ അധികാരികൾക്കും കോട്ടയം ജില്ലാ ആഫീസിൽ നിന്നും പെർമിറ്റ് അനുവദിച്ചവരുടെ വിവരങ്ങൾ നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**